പ്രതിസന്ധി. ഇതിൽനിന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതിയുൽപ്പാദനം 198 മില്യൺ യൂണിറ്റാണ്. ഈ പദ്ധതിയുടെ പകുതി ചെലവ് ജലസേചന വകുപ്പ് വഹിക്കാത്ത പക്ഷം ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി യൂണിറ്റ് 7 രൂപയിൽ അധികമാകുമെന്നതിനാൽ ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സാങ്കേതിക അനുമതി, ടെക്നോ-ഇക്കണോമിക് ക്ലിയറൻസ് ലഭിക്കുകയില്ല. ഞങ്ങൾ രണ്ടുകൂട്ടരും കൂടി സഹകരിച്ച് ക്ലിയറൻസ് വാങ്ങിക്കാനാണ് ശ്രമിക്കുന്നത്. ആയതിനാൽ ജലസേചനവകുപ്പും വൈദ്യുതിബോർഡും ഈ പദ്ധതി എങ്ങനെ സംയുക്തമായി നടപ്പിലാക്കാമെന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. ഇതിനായി ഉദ്യോഗതലത്തിലും മന്ത്രിതലത്തിലും ചർച്ചകൾ നടന്നുകഴിഞ്ഞു. കൂടുതൽ പഠനങ്ങൾ കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായ "വാപ്കോസ്" എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ എടുത്തുകഴിഞ്ഞു. പാലക്കാട് ജില്ലയിലെ ജലക്ഷാമത്തിന് പരിഹാരം കാണുന്നതിനും കൃഷിയ്ക്കും ഉതകുന്നതിനാവശ്യമായ ഈ പദ്ധതി നടപ്പിലാക്കാമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ട നടപടികൾ നടത്തിവരുന്നു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ഇത്തരം മറുപടികൾ ഏത് സമയത്ത് സബ്മിഷൻ ഉന്നയിച്ചാലും കാളിംഗ് അറ്റൻഷൻ ഉന്നയിച്ചാലും മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകും. ഞാൻ തന്നെ ഈ സഭയിൽ വന്നിട്ട് ആദ്യം ഒരു സബ്മിഷൻ ഉന്നയിച്ചു. സമാനമായ മറുപടിയായിരുന്നു മന്ത്രി പറഞ്ഞത്. ഇപ്പോഴും അതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സർ, എന്റെ ചോദ്യം ഇത് പൂർത്തീകരിച്ച് പ്രാവർത്തികമാക്കാൻവേണ്ടി കഴിയുമോ, ഒരു clear cut date ഇതിന്റെ ഭാഗമായിട്ട് പറയാൻ കഴിയുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ഇപ്പോൾ ഇവിടത്തെ കാര്യങ്ങളൊക്കെ നടത്താം. സെൻട്രൽ ഗവൺമെന്റിന്റെ ക്ലിയറൻസിന്റെ പ്രശ്നം കൂടിയുണ്ട്. അതുകൂടി അറിഞ്ഞിട്ടേ എനിക്ക് clear cut date പറയാൻ കഴിയൂ.

(2) <u>ചാലക്കുടി നിയോജക മണ്ഡലത്തിലെ പുഴസംരക്ഷണവും ജലസേചനവുമായും ബന്ധപ്പെട്ട വിവിധ പദ്ധതികൾ പൂർത്തിയാക്കൽ</u>

<u>പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:</u> സർ, ചാലക്കുടിപ്പുഴയും വെയിലിൽ ചന്ദനച്ചോലയെടി എന്ന–പാട്ടിന്റെ ഒരു അംശമാണ്, പാട്ടല്ല–ആ പാട്ടിലെ ആശയം ഇന്ന് അക്ഷരങ്ങളിൽ ഒതുങ്ങിപ്പോയിരിക്കുന്നു. വേനൽക്കാലത്ത് ചാലക്കുടിപ്പുഴയിൽ കൊടുംവരൾച്ചയാണ്. വർഷക്കാലത്താണെങ്കിൽ മഴവെള്ളം കരയിടിച്ച് കൂലംകുത്തിപ്പാഞ്ഞൊഴുകി കടലിൽ ചെന്ന് ചേരുകയും ചെയ്യുകയാണ്. ആ സ്ഥിതിയ്ക്ക് പ്രകൃതിയുടെ പ്രതിഭാസങ്ങളെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനുള്ള ഒരു പശ്ചാത്തലമാണ് നാം ഒരുക്കേണ്ടത്. ഈ വേനൽക്കാലത്തെ രൂക്ഷമായ വരൾച്ച ഒഴിവാക്കാൻവേണ്ടി വർഷക്കാലത്തെ വെള്ളം നമുക്ക് സ്റ്റോർ ചെയ്ത് ഉപയോഗിക്കാവുന്നതേയുള്ളൂ. എന്നാൽ ഈ ചാലക്കുടിപ്പുഴയിൽ അതിരപ്പിള്ളിയ്ക്ക് അടുത്ത് കണ്ണൻകുഴി എന്നുപറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്ത് ഒരു സ്റ്റോറേജ് ഡാം വേണമെന്ന ഒരു പ്രൊപ്പോസൽ പല ദശാബ്ദങ്ങളായി കോൾഡ് സ്റ്റോറേജിൽ ഇങ്ങനെ ഒതുങ്ങിയിരിക്കുകയാണ്. അത് പ്രാവർത്തികമാക്കാൻ ഒരു നടപടിയും എടുക്കുന്നില്ല. ഏറിവന്നാൽ ഫയലൊക്കെ നോക്കി ഫണ്ടില്ല എന്ന ഒരു മറുപടിയിൽ ഒതുക്കും. 67,500 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യാൻ ആവശ്യമായ സംവിധാനം ഈ സ്റ്റോറേജ് ഡാമിൽ കൂടി ഉണ്ടാക്കാൻ പറ്റും. ചാലക്കുടി പുഴയ്ക്ക് 1942-ൽ തുടങ്ങി 1996 വരെയുള്ള വർഷകാലങ്ങളിൽ നീരൊഴുക്കിന് ഒരു വ്യത്യാസവുമില്ല എന്നൊക്കെയാണ് ഓരോരുത്തർ കണക്ക് ഉണ്ടാക്കിക്കൊണ്ടുവരുന്നത്. അത് കെ.എസ്.ഇ.ബി.-യുടെ കണക്കാണ് പറഞ്ഞത്. പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ്, ഷോളയാർ, പെരിങ്ങൽക്കുത്ത്, തുടങ്ങിയ പദ്ധതികളൊക്കെ ഈ കാലങ്ങളിൽ ഉണ്ടാക്കിയതാണ്. എന്നിട്ടും നീരൊഴുക്കിൽ മാറ്റമില്ല എന്ന ഔദ്യോഗികമായിട്ടുള്ള കണക്ക് ഉണ്ടാക്കുന്നതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. ചാലക്കുടിപ്പുഴ സംരക്ഷിതമാകാതെ പോകുന്നതുകൊണ്ട് അതിരപ്പിള്ളി, ചാർപ്പ, വാഴച്ചാൽ, കൊല്ലത്തിരുമേട്, ഷോളയാർ, തുടങ്ങിയ റേഞ്ചുകളിലൊക്കെ വനം ഉണങ്ങിയിട്ടുണ്ട്. ഇവിടെ അപൂർവ പക്ഷികളൊക്കെയുണ്ട്. മലമുഴക്കി വേഴാമ്പൽ, പാണ്ടൻ വേഴാമ്പൽ, നാടൻ വേഴാമ്പൽ, കോഴി വേഴാമ്പൽ എന്നിങ്ങനെ വേഴാമ്പൽ ഇനങ്ങൾ നാലെണ്ണം ഒരേ റേഞ്ചിൽ കാണാൻ സാധിക്കുന്ന ഒരേയൊരു വനം ചാലക്കുടി വനമാണ്. ചാലക്കുടി പുഴ സംരക്ഷിതമാക്കേണ്ടത് അത്യാവശ്യം തന്നെയാണ്. ഒരു നടപടിയും ഉണ്ടാകുന്നില്ല, മഴക്കാലത്ത് ഇടിയുന്ന ഭാഗങ്ങളുണ്ട്. വെറുതെ മഴയെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല, മണൽ വാരലും ഉണ്ട്, റിവർ മാനേജുമെന്റ് ഫണ്ടിനെക്കുറിച്ച് ഈ സഭയിൽ പലരും പലവട്ടം പറഞ്ഞുകഴിഞ്ഞു. പുഴയെ സംരക്ഷിക്കാനുള്ളതാണ് റിവർ മാനേജുമെന്റ് ഫണ്ട്. എന്റെ ഡിസ്ട്രിക്ടായ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ നിന്ന് ജില്ലാകളക്ടർ മണ്ട് പ്രാവശ്യമായിട്ട് മണ്ട് പ്രൊപ്പോസലുകൾ അൻപതിന് താഴെ പദ്ധതികൾക്ക്-44-പദ്ധതികൾക്ക് എന്നാണ് എന്റെ ഓർമ്മ-പ്രൊപ്പോസലുകൾ അയച്ചു. ബാക്കി നിയോജകമണ്ഡലങ്ങളെ സംബന്ധിച്ച് എനിക്ക് ഒന്നും അറിയില്ല. എന്റെ നിയോജകമണ്ഡലത്തിൽ കാൽ കാശിന്റെ പ്രയോജനം ഉണ്ടാകുന്ന ഒരു പദ്ധതിയും ഒരു പ്രൊപ്പോസലിൽ ഉൾപ്പെടുത്തി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അത് ഏത് വകുപ്പായാലും എനിക്ക് നടത്തിക്കിട്ടിയേ പറ്റൂ. ജല വിഭവ വകുപ്പാണ് ഇതിന്റെ നടത്തിപ്പ് എന്നാണ് ഞാൻ അറിയുന്നത്. അതുകൊണ്ടാണ് ഈ ശ്രദ്ധക്ഷണിക്കലിന്റെ ഉള്ളിൽ ഒതുക്കിനിറുത്തിക്കൊണ്ട് ഞാൻ പറയുന്നത്.

സർ, ജലവിഭവവകുപ്പിന്റേതായിട്ട് ചാലക്കുടിയിൽ അനുവദിച്ച പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. കുടപ്പുഴ തടയണയെ കുറിച്ച് കഴിഞ്ഞ അസംബ്ലിയിൽ ഞാൻ ഒരു പ്രമേയം അങ്ങയുടെ അനുവാദത്തോടുകൂടി അവതരിപ്പിക്കുകയുണ്ടായി. ആരംഭിച്ച് എട്ട് കൊല്ലങ്ങൾക്കു ശേഷം കോൺട്രാക്ടറെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കി. പകരം ടെണ്ടർ വിളിച്ചു. അതൊരു പ്രഹസനം മാത്രമായി. ദയവായി കുടപ്പുഴ തടയണയുടെ പണി ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്നതിന് സംവിധാനം ചെയ്യണമെന്നാണ് എനിക്ക് അങ്ങയിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കൊമ്പൻപാറ, മണ്ടിക്കുന്ന്, കട്ടപ്പുറം, കക്കാട് തുടങ്ങിയ പദ്ധതികൾക്ക് വേണ്ടിവരുന്ന അധികം സംഖ്യ ഉടൻ അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ഉദ്ഘാടന വേളയിൽ പറഞ്ഞിട്ടുതന്നെ രണ്ട് വർഷമാകാൻ പോകുന്നു. 1996-ന് മുമ്പ് ടെണ്ടർ ചെയ്ത പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ എന്നു പറയുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് റിവിഷനുവേണ്ടി 1996-ൽ പ്രൊപ്പോസൽ പോയി. പിന്നീട് അന്വേഷിച്ചിട്ട് യാതൊരു പ്രയോജനവും കിട്ടാത്ത സമ്പ്രദായമായി മാറി പോകുന്ന അവസ്ഥയിലാണ് കാര്യങ്ങൾ. ഞങ്ങൾ എം.എൽ.എ.-മാർ കുറേയൊക്കെ ടേബിൾ ടു ടേബിൾ നടന്ന് ഫയലിന് ജീവൻ വയ്പിച്ച് അനക്കി ഊരിയെടുത്തുകൊണ്ടുപോകുമ്പോൾ അവസാനം മറുപടി കിട്ടുന്നത് ഫണ്ടില്ല എന്നാണ്. ഫണ്ടുണ്ടാക്കാൻ വേണ്ടി പിരിവുമായിട്ട് നടക്കാൻ ഒരിക്കലും എം.എൽ.എ.-മാർക്ക് സാദ്ധ്യമല്ലെന്ന കാര്യം അങ്ങേയ്ക്കറിയാമല്ലോ. പ്രത്യേകമായി നേടിയെടുക്കേണ്ട ഒരുപാട് ആവശ്യങ്ങളുള്ള നാടാണ് ചാലക്കുടി. അത് മനസ്സിലാക്കിയിട്ടാണ് യശശ്ശരീരനായ പനമ്പിള്ളി ഇറിഗേഷൻ കനാലുകൾക്ക് രൂപംകൊടുത്തത്. ഇപ്പോൾ കനാലുകളെല്ലാം നോക്കുകുത്തികളായി നിൽക്കുകയാണ്. കല്ലൂർ, വടക്കുംമുറി, വടക്കേച്ചാൽ, പള്ളിക്കടവ്, അമ്പലത്തിൻകടവ്, ചരൽക്കുന്ന്, പുണ്യതീർത്ഥം, പ്രതീക്ഷാ ലക്ഷംവീട് തുടങ്ങി എന്റെ നിയോജകമണ്ഡലത്തിൽ എണ്ണിയാലൊടുങ്ങാത്ത അനവധി പദ്ധതികൾ ഉണ്ട്—ബാലികുളം ലിഫ്റ്റ്, കൊമ്പൻപാറ ചെക്ക് ഡാം, ചായ്പൻകുഴി കുടിവെള്ള പദ്ധതി അല്ലെങ്കിൽ ഐ.ഐ.പി. സി.ആർ.പി. സ്കീമിൽപ്പെടുത്തി ഉണ്ടാക്കേണ്ട ബണ്ട് റോഡ്. തൊമ്മൻ ഇഴയുമ്പോൾ ചാണ്ടി മുറുകുമെന്ന് പറയുന്നതുപോലെയാണ്. ഇറിഗേഷൻ ശരിയായി വരുമ്പോൾ മോട്ടോറുണ്ടാകില്ല. അല്ലെങ്കിൽ കറണ്ട് കണക്ഷൻ ഊരിക്കൊണ്ടുപോകും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ചാലക്കുടിയെ പഴയ കർഷകരുടെ നാടാക്കി മാറ്റുന്നതിനാവശ്യമായ നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അങ്ങയിലൂടെ ഞാൻ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ സാവിത്രി ലക്ഷ്മണൻ ചാലക്കുടി നിയോജകമണ്ഡലത്തിലെ വിവിധ വിഷയങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ വളരെ ചുരുക്കി അതിന് മറുപടി പറയുകയാണ്. ഒന്നാമത്തേത് അതിരപ്പിള്ളി പഞ്ചായത്തിൽ കണ്ണൻകുഴി എന്ന സ്ഥലത്ത് ചാലക്കുടി പുഴയിൽ ഒരു സ്റ്റോറേജ് ഡാം വേണമെന്നുള്ളതാണ്. ഇത് തുമ്പൂർമുഴിക്ക് ഉദ്ദേശം എട്ട് കിലോമീറ്റർ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. തുമ്പൂർമുഴി വിയർ കാലവർഷത്തിൽ കവിഞ്ഞൊഴുകുന്നത് വഴി വളരെ വലിയ നഷ്ടം നമുക്കുണ്ടാകുന്നുണ്ട്. അത് പരിഹരിക്കാൻ ഈ ഡാം ആവശ്യമാണ്. ഇതിന്റെ പ്രാരംഭ നടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. രണ്ടാമത്തേത് കുടപ്പുഴ തടയണയുടെ പ്രവൃത്തിയാണ്. ഇത് 1996-ൽ ആരംഭിച്ചതാണ്. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച ആയതുകൊണ്ട് റിസ്ക് ആന്റ് കോസ്റ്റിൽ 5-8-2002-ൽ ടെർമിനേറ്റ് ചെയ്തു. പിന്നീട് അയാൾ വന്ന് അഭ്യർത്ഥിച്ചതനുസരിച്ച് ചില നിബന്ധനകൾക്ക് വിധേയമായി കാലാവധി എക്സ്റ്റെൻഡ് ചെയ്തു കൊടുത്തു. എന്നിട്ടും പണി പുനരാരംഭിക്കാതെ വീണ്ടും പ്രശ്നം വന്നപ്പോൾ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചു. റീ-ടെണ്ടർ ചെയ്തപ്പോൾ എസ്റ്റിമേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

റേറ്റിനേക്കാൾ കൂടുതലാണെന്ന് വന്നു. അപ്പോൾ ദർഘാസ് ക്യാൻസൽ ചെയ്തു. ഇപ്പോൾ വീണ്ടും റീ-ടെണ്ടറിന് പരസ്യം നൽകി കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പണികൾ കഴിയുംവേഗം പുനരാരംഭിക്കാൻ കഴിയും. അടുത്തത് കോടശ്ശരി പഞ്ചായത്തിലെ പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ സംബന്ധിച്ചാണ്. 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ഇതിന്റെ കാര്യത്തിൽ അനുകൂലമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കും. മറ്റൊന്ന് മണ്ടിക്കുന്ന്, കട്ടപ്പുറം, കൊമ്പൻപാറ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഞങ്ങൾ കുറേ നടപടികൾ സ്വീകരിച്ചു. ഇനിയും കുറേ പൂർത്തിയാക്കാനുണ്ട്. അത് സമയബന്ധിതമായി തീർക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം നദീതീര സംരക്ഷണത്തിനുവേണ്ടിയുള്ള റിവർ മാനേജുമെന്റ് ഫണ്ടിനെ സംബന്ധിച്ചാണ്. ഇതിനകം 3.48 കോടി രൂപയുടെ 54 നദീതീര സംരക്ഷണ പ്രവർത്തികളും നദീതീരങ്ങളിൽ മുളംതൈകൾ വച്ചു പിടിപ്പിക്കുന്നതിന് 0.33 കോടി രൂപയുടെ 3 പ്രവർത്തികളും റോഡ് നിർമ്മാണത്തിന് 0.24 കോടി രൂപയുടെ 3 പ്രവർത്തികളും ഉൾപ്പെടെ ആകെ 4.05 കോടി രൂപയുടെ എസ്റ്റിമേറ്റുകളാണ് തൃശ്ശൂർ കളക്ടർ മുഖേന ഗവൺമെന്റിന് ലഭിച്ചിട്ടുള്ളത്. ചാലക്കുടിപ്പുഴ സംരക്ഷണത്തിനുവേണ്ടി 121.9 ലക്ഷം രൂപയുടെ 17 പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഇവിടെ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങൾക്കും കാലതാമസമുണ്ടായിട്ടുണ്ട്. കഴിയുന്നതുംവേഗം കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഞാൻ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായി എന്നുള്ള സന്തോഷമുണ്ട്. എല്ലാറ്റിനെ സംബന്ധിച്ചും പറഞ്ഞു. ചിലതൊക്കെ ആവശ്യമാണെന്ന സൂചന നൽകുകയും ചെയ്തു. അതുകൊണ്ട് ഈ തർക്കമറ്റ സംഗതികൾ മുന്നോട്ടു കൊണ്ടുപോകാൻ ഒരു ഏർപ്പാടുണ്ടാക്കി അതിന്റെ ആക്കം വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം, അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും ചേർത്ത് എന്റേയുംകൂടി സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെ ഒരു യോഗം വിളിക്കാം.

IV. സബ്മിഷൻ

(1) ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ തെക്കു-കിഴക്കേ മൂലയിൽ നിൽക്കുന്ന മഹാഗണി വൃക്ഷം സംരക്ഷിക്കണമെന്ന ആവശ്യം

ശ്രീ. പിരപ്പൻകോട് മുരളി: സർ, സെക്രട്ടേറിയറ്റ് കോംപ്ലക്സിന്റെ തെക്കു-കിഴക്കേ മൂലയിൽ നിൽക്കുന്ന മഹാഗണി വൃക്ഷത്തിന്റെ മൂന്ന് ശിഖരങ്ങളും വേരും മുറിച്ചുമാറ്റി ഒരു കോൺക്രീറ്റ് സെല്ലാർ പണിയാൻ പോകുന്നു എന്നു മനസ്സിലാക്കുന്നു. ഞാൻ ഒരു പരിസ്ഥിതി യാഥാസ്ഥിതികനല്ല.

LIBRARY ARCHIVES Kerala Legislative Assembly